بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

ഖുത്ബ
28.5.2004
ജർമ്മനി

# കുടുംബനായികമാർ അവരുടെ ആഭരണങ്ങൾക്ക് സക്കാത്ത് കൊടുത്താൽ ജമാഅത്തിന്റെ സക്കാത്ത് വരുമാനത്തിൽ വൻ വർധനയുണ്ടാകും

لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوْا مِمَّا تُحِبُّوْنَ ۬ وَمَا تُنْفِقُوْا مِنْ شَيْءٍ فَاِنَّ اللّٰهَ بِهٖ عَلِيْمٌ ﴿۹۳﴾

ജമാഅത്തിന്റെ സാമ്പത്തികവർഷം ജൂൺ മുപ്പതിനാണ് അവസാനിക്കുന്നത്. രണ്ടു മൂന്നുമാസം മുമ്പേ മുതൽ ഓരോ രാജ്യത്തേയും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വിഭാഗത്തിന് തങ്ങളുടെ ലാസ്മിചന്ദയുടെ ബഡ്ജറ്റ് പൂർത്തിയാക്കാനുള്ള ചിന്തയായിരിക്കും. അവസാനത്തെമാസം ഈ ചിന്ത വളരെ കൂടുന്നു. 'ദുആ ചെയ്യുക, ചന്ദ പൂർണ്ണമായും കിട്ടിയിട്ടില്ല. ഞങ്ങൾ വിഷമത്തിലാണ്. ബഡ്ജറ്റിൽ ഇത്ര കുറവുണ്ട്,' എന്നൊക്കെ പറഞ്ഞുകൊണ്ട് കത്തുകൾ വരാൻ തുടങ്ങുന്നു. അവരുടെ ഈ ആശങ്ക അതിന്റെ സ്ഥാനത്താണ്. പക്ഷേ, ഇത് ദൈവിക ജമാഅത്താണ്, നമ്മുടെ ആവശ്യകതയെക്കുറിച്ച് അല്ലാഹുവിന് നന്നായിട്ടറിയാം. അതുകൊണ്ട് ആവശ്യങ്ങൾ വർധിപ്പിക്കുന്നതനുസരിച്ച് അത് പൂർത്തിയാക്കാനുള്ള സാഹചര്യവും അവൻ ഒരുക്കിത്തരുന്നതാണ്. എങ്കിലും, ഉപദേശിച്ചുകൊണ്ടിരിക്കുക, ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുക എന്നതും അല്ലാഹുവിന്റെ കല്പനയാണ്. അതുകൊണ്ട് ഈ കല്പനയനുസരിച്ച് ഇക്കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്.

അല്ലാഹുതആല വിശുദ്ധഖുർആനിൽ വിവിധ സ്ഥലങ്ങളിൽ സാമ്പത്തിക ത്യാഗം ചെയ്യുന്നതിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ വഴിയിൽ ധനം ചെലവഴിക്കുന്നതിൽ സത്യവിശ്വാസികൾ പരിഭ്രമിക്കുകയില്ല. ഇത് സത്യവിശ്വാസിയുടെ ഒരു ലക്ഷണമായി എടുത്തുപറയുകയും ചെയ്തിരിക്കുന്നു. ഞാനോതിയ വചനത്തിൽ പറഞ്ഞിരിക്കുന്നതും ഈ വിഷയം തന്നെയാണ്. നിങ്ങൾ നിങ്ങളുടെ ഹൃദയത്തിന്റെ പിശുക്കും ലുബ്ധതയും അകറ്റാത്തിടത്തോളം നിങ്ങൾക്കൊരിക്കലും നന്മ കരസ്ഥമാക്കാൻ സാധ്യമല്ല. നന്മ പ്രവൃത്തിക്കാനുള്ള തൗഫീഖും കിട്ടുകയില്ല. നിങ്ങൾക്കിഷ്ടപ്പെട്ട നിങ്ങളുടെ ധനം നിങ്ങൾ അല്ലാഹുവിന്റേയും അവന്റെ സൃഷ്ടികളുടേയും വഴിയിൽ ചെലവഴിക്കുന്നില്ല. നിങ്ങൾ ചെലവഴിക്കുന്ന കണക്ക് സ്പഷ്ടമാക്കിവയ്ക്കാത്തിടത്തോളം, അല്ലാഹുവിന്റെ വഴിയിലെ ചെലവിന്റെ കണക്ക് ക്ലിയറാക്കി വയ്ക്കാത്തിടത്തോളം, നിങ്ങൾക്ക് പ്രിയപ്പെട്ടതും നിങ്ങൾ അങ്ങേയറ്റം സ്നേഹിക്കുന്നതുമായ ധനത്തിൽ നിന്ന് നിങ്ങൾ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാത്തിടത്തോളം, സ്വന്തം ധനം സ്വന്തം ആവശ്യത്തിനായി മാത്രം ചെലവഴിക്കാനുള്ളതാണെന്ന ചിന്ത നിങ്ങളിൽ നിലനില്ക്കുവോളം അല്ലെങ്കിൽ പെട്ടിയിൽ അടച്ച് സൂക്ഷിച്ച് വയ്ക്കുവോളം (നിങ്ങൾ നന്മ പ്രവൃത്തിക്കുന്നവരാകുകയില്ല). സ്വന്തം ബന്ധുക്കൾക്കും കുട്ടികൾക്കും വേണ്ടിപോലും ചെലവഴിക്കാതെ അതു കൂട്ടി കൂട്ടിവയ്ക്കുകയും അവസാനം ആ അവസ്ഥയിൽ ഇഹലോകവാസം വെടിയുകയും ചെയ്യുന്ന പിശുക്കന്മാരേയും ലുബ്ധൻമാരേയും പോലെ (നിങ്ങളായിത്തീരരുത്). ആ ധനം അവർക്ക് ഒട്ടും പ്രയോജനപ്പെടുന്നില്ല. നിങ്ങൾ ചെലവഴിക്കുന്നതും, നിങ്ങൾ ബജറ്റ് എഴുതിയ്ക്കുന്നതും, നിങ്ങളുടെ വരുമാനവുമെല്ലാം അല്ലാഹുവിന് നല്ലവണ്ണം അറിയാമെന്നും അതിനാൽ അവനുമായിട്ടുള്ള കാര്യം ക്ലിയറാക്കിവയ്ക്കാനും പറഞ്ഞിരിക്കുന്നു. നന്മയുടെ പ്രതിഫലം അല്ലാഹുവിൽ നിന്ന് കരസ്ഥമാക്കുന്നതിനും, നിങ്ങളുടെ ആത്മീയാവസ്ഥ ഉത്തമമായിത്തീരുന്നതിനും നന്മകളിൽ അഭിവൃദ്ധിപ്പെടുന്നതിനും വേണ്ടി നിങ്ങളുടെ വാഗ്ദാനം ശരിയായിട്ടുള്ളതെഴുതിക്കുകയും അത് നല്ലനിലയിൽ അടച്ചുതീർക്കുകയും ചെയ്യേണ്ടതാണ്.

ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് സാനി (റ) പറയുന്നു: "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നതുകൊണ്ട്, ആത്മീയമായ നിലയിൽ ഇതും ഒരു നേട്ടമാണ്. ആരാണോ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തന്റെ ധനം ചെലവഴിക്കുന്നത് അവൻ പതുക്കെ പതുക്കെ ദീനീപരമായ കാര്യങ്ങളിൽ ഉറച്ചുറച്ചു വരുന്നു. അതുകൊണ്ടാണ്, ആരാണോ ദീനീപരമായ കാര്യങ്ങളിൽ ബലഹീനരായിട്ടുള്ളത്, അവർക്ക് മറ്റു നന്മകളിൽ പങ്കെടുക്കാൻ കഴിയുന്നില്ലെങ്കിൽത്തന്നെ അവരിൽ നിന്ന് ചന്ദ വാങ്ങണമെന്ന് ഞാൻ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളത്. കാരണം അവർ ധനം ചെലവഴിക്കുമ്പോൾ അവർക്ക് ഈമാനികമായ ശക്തി ലഭിക്കും. അവരുടെ തന്റേടവും ധൈര്യവും വർദ്ധിക്കും. അങ്ങനെ അവർ മറ്റു നന്മകളിലും പങ്കെടുക്കാൻ

തുടങ്ങും."

ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: "ഓരോ ദിവസവും രാവിലെ വാനലോകത്ത് നിന്ന് രണ്ടു മലക്കുകൾ ഇറങ്ങിവരുന്നു. എന്നിട്ട് അവരിൽ ഒരാൾ പറയും, അല്ലാഹുവേ, ധർമ്മിഷ്ഠന് നീ ഇനിയും പ്രതിഫലം നല്കേണമേ. അവനെ പിൻപറ്റുന്നവരെ നീ ഇനിയും സൃഷ്ടിച്ചാലും. മറ്റേ മലക്ക് പറയും: ലുബ്ധന് നീ നാശം വരുത്തിവെക്കേണമേ. അവന്റെ ധനവും സ്വത്തും നശിപ്പിക്കേണമേ."

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ജമാഅത്തിൽ ആയിരക്കണക്കിന് ധർമ്മിഷ്ഠരും, അവരെ പിൻപറ്റുന്നവരുമുണ്ട്. തങ്ങളുടെ ചെലവുകൾ കുറയ്ക്കാനും ത്യാഗത്തിന്റെ അളവ് വർധിപ്പിക്കാനും അവർ പരിശ്രമിക്കുന്നു. കുറച്ചു വരുമാനമുള്ള ആളുകളാണ് പൊതുവെ ഈ ത്യാഗത്തിന്റെ അളവ് വർധിപ്പിക്കാൻ കൂടുതൽ പരിശ്രമിക്കുന്നത്. എനിക്കറിയാം, ചിലയാളുകൾ ഏകദേശ ബജറ്റാണ് എഴുതിപ്പിക്കുന്നത്. പ്രത്യേകിച്ച് നമ്മുടെ ജമാഅത്തിലുള്ള കൃഷിക്കാർക്ക് അവരുടെ ശരിയായ വരുമാനത്തെക്കുറിച്ച് അറിയാൻ പറ്റുകയില്ല. വെള്ളം കിട്ടുന്നതുമായിട്ടാണ് കൃഷി ബന്ധപ്പെട്ടു നില്ക്കുന്നത്. എല്ലായിടത്തും പ്രത്യേകിച്ച് പാക്കിസ്ഥാനിൽ നദീപ്രദേശങ്ങളിൽ വെള്ളത്തിന്റെ ആധിപത്യം പൂർണ്ണമായും ജന്മികൾക്കായിരിക്കും. അവർ തങ്ങളുടെ നിലത്ത് വെള്ളം കയറ്റുകയും, പിന്നീടു വരുന്ന കൃഷിക്കാർക്ക് വെള്ളം തടയുകയും ചെയ്യാറുണ്ട്. ചെറുകിട കൃഷിക്കാർ വെള്ളം കിട്ടാത്ത കാരണത്താൽ നഷ്ടം സഹിക്കേണ്ടിവരുന്നു. നിങ്ങളിൽ നിന്ന് ഇവിടെ വന്നിട്ടുള്ളവരിൽ അധികവും കൃഷിക്കാരാണ്. അവർക്ക് ഇതു നല്ലവണ്ണം അറിയുകയും ചെയ്യും. വെള്ളം ലഭിക്കാത്ത കാരണത്താൽ അവർക്ക് നല്ല വിളവ് കിട്ടുകയില്ല. പക്ഷേ, ബജറ്റ് എഴുതിയ കാരണത്താൽ കടം വാങ്ങിയാണെങ്കിലും അത് അടച്ച് തീർക്കാൻ അവർ ശ്രമിക്കുന്നു. ചന്ദയുടെ തോതിൽ ഇളവ് വാങ്ങിച്ചുകൂടേ എന്നു ചോദിക്കുമ്പോൾ - വരുമാനമില്ലെങ്കിൽ ഇളവ് ചോദിക്കുന്നതു കൊണ്ട് വിരോധമില്ല - കടം വാങ്ങി നാം സ്വന്തം ആവശ്യം നിറവേറ്റുന്ന സ്ഥിതിക്ക് അല്ലാഹുവുമായി ചെയ്തിട്ടുള്ള വാഗ്ദാനം കടം വാങ്ങി എന്തുകൊണ്ട് നിറവേറ്റികൂടാ? എന്നവർ മറ്റുള്ളവരോട് ചോദിക്കുന്നു. ഇക്കാരണത്താൽ അടുത്ത വിളവിൽ അല്ലാഹു അനുഗ്രഹം ചൊരിയുമെന്ന് അവർ വിശ്വസിക്കുന്നുണ്ടാകും. പക്ഷേ, ചിലയാളുകൾക്ക് ഇക്കാര്യം മനസ്സിലാകുകയില്ല. എന്തായാലും ഇത് ഓരോരുത്തരുടെയും അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റെ കാര്യമാണ്. തവക്കുലിന്റെ കാര്യമാണ്. ഓരോരുത്തർക്കും അവരുടേതായ ഒരു സ്ഥാനമുണ്ട്. അതുകൊണ്ട് കടം വാങ്ങി ചന്ദ കൊടുക്കുക എന്നു ഞാൻ പറയുന്നില്ല. വഹിക്കാവുന്നതിനേക്കാളധികം കയറ്റി വയ്ക്കാതിരിക്കേണ്ടതാണ്. ഭാരം ഇടാതിരിക്കേണ്ടതുമാണ്. എന്നാൽ, സ്വന്തം ചെലവുകൾ കുറച്ച്, മാറ്റി വയ്ക്കാവുന്ന കാര്യമാണെങ്കിൽ മാറ്റി വെച്ച്, ഒഴിവാക്കാവുന്നതാണെങ്കിൽ ഒഴിവാക്കി നിങ്ങളുടെ ചന്ദ കൊടുക്കുകതന്നെ വേണം. പ്രത്യേകിച്ച് വസിയ്യത്ത് ചെയ്തിട്ടുള്ള മൂസികളോട് ഞാൻ പറയുന്നു. ഇക്കാര്യത്തിൽ അവർ പ്രത്യേകം സൂക്ഷ്മത പാലിക്കേണ്ടതാണ്. ഓഫീസിൽ നിന്ന് കണക്ക് അയച്ചുതരും, സാമ്പത്തിക വിഭാഗം ഓർമ്മപ്പെടുത്തും അപ്പോൾ ചന്ദ കൊടുക്കാം എന്ന പ്രതീക്ഷയിൽ ഇരിക്കരുത്. അങ്ങനെയായാൽ വർധിച്ച് വർധിച്ച് അത് കൊടുത്തു വീട്ടുക എന്നത് ദുഷ്ക്കരമായിത്തീരുന്നതാണ്. ചന്ദ കൊടുക്കാൻ പ്രയാസപ്പെടുകയും ചെയ്യും. ഒന്നിച്ച് ചന്ദ കൊടുക്കാനുള്ള കഴിവും ഉണ്ടാകുകയില്ല. പിന്നീട് ഇളവ് ചോദിക്കേണ്ടിവരും. ഇളവ്, അല്ലെങ്കിൽ ഗഡുക്കളായിട്ടുള്ള അടവ് ആറുമാസത്തെക്കാൾ കൂടുതൽ അനുവദിക്കാൻ പറ്റുകയില്ല. അങ്ങനെയായാൽ പ്രത്യേകിച്ച് മൂസികളുടെ വസിയ്യത്തിനും ക്ഷതമേല്ക്കുന്നതണ്. അപ്പോൾ അവർക്ക് വിഷമമുണ്ടാകും എന്നത് പ്രകടമാണ്. ആ വിഷമം അവർ പ്രകടിപ്പിക്കുകയും ചെയ്യും. അതുകൊണ്ട് ആദ്യം മുതലേ, ചിന്തിച്ചും ആലോചിച്ചും നിങ്ങളുടെ കണക്കുകൾ ക്ലിയറാക്കി വയ്ക്കുക. അല്ലാഹുവുമായി ചെയ്തിട്ടുള്ള പ്രതിജ്ഞ നിറവേറ്റാൻ ശ്രമിക്കുക. വരുമാനം ഉണ്ടാകുമ്പോൾ, ആ വരുമാനത്തിന്റെ ഭാഗം മാറ്റിവയ്ക്കുക; മൂസികളും, മറ്റു ജോലിയുള്ളവരും. മൂസിയല്ലാത്തവർ വരുമാനത്തിന്റെ പതിനാറിലൊന്ന് ചന്ദആം കൊടുക്കേണ്ടതാണ്. തങ്ങളുടെ വരുമാനത്തിൽ തങ്ങളുടെ ചന്ദ ഒപ്പത്തിനൊപ്പം അടച്ചുകൊണ്ടിരിക്കേണ്ടതുമാണ്.

നബി (സ) യിൽ നിന്ന് ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്തിരിക്കുന്നു: ഒരാൾ മരുഭൂമിയിലൂടെ നടന്നുകൊണ്ടിരിക്കേ, 'ഇന്ന വ്യക്തിയുടെ തോട്ടത്തെ നീ കുടിപ്പിക്കൂ!' എന്ന് ഒരു മേഘത്തിൽനിന്ന് പറയുന്നത് കേട്ടു. എന്നിട്ട് ആ മേഘം അവിടെനിന്ന് നീങ്ങിപ്പോയി ഒരു പാറ പ്രദേശത്ത് പെയ്തു. അങ്ങനെ അവിടെയുള്ള തോടുകളിൽ നിന്ന് ഒരു തോട് ആ വെള്ളം മുഴുവനും ഉൾക്കൊണ്ടു. ആ (ശബ്ദം കേട്ട) മനുഷ്യൻ ആ വെള്ളത്തെ പിൻതുടർന്നപ്പോൾ, ഒരാൾ തന്റെ ഉദ്യാനത്തിൽ മൺവെട്ടികൊണ്ട് വെള്ളം തിരിച്ചുവിടുന്നതായികണ്ടു. അദ്ദേഹത്തിനോട് ചോദിച്ചു: ഹേ: അല്ലാഹുവിന്റെ ദാസാ! നിന്റെ പേരെന്താണ്? എന്റെ പേര് ഇന്നതാണെന്ന് അദ്ദേഹം പറഞ്ഞു. മേഘത്തിൽ നിന്ന് താൻ കേട്ട പേരായിരുന്നു അത്. നിങ്ങൾ എന്തിനാണ് എന്റെ പേര് ചോദിക്കുന്നത്? എന്നദ്ദേഹം ചോദിച്ചപ്പോൾ പറഞ്ഞു: ഈ വെള്ളം ഏതു മേഘത്തിൽ നിന്നാണോ അതേ മേഘത്തിൽ നിന്ന് പറയുന്നത് ഞാൻ കേട്ടു: ഇന്ന വ്യക്തിയുടെ ഉദ്യാനത്തെ നീ കുടിപ്പിക്കൂ! നിങ്ങളുടെ പേരായിരുന്നു അത്. നിങ്ങൾ അതിനുമാത്രം എന്താണ് ചെയ്തത്?

അദ്ദേഹം പറഞ്ഞു: "നിങ്ങൾ അത് ചോദിക്കുന്നുവെങ്കിൽ കേൾക്കുക, തീർച്ചയായും അതിൽനിന്നുണ്ടാകുന്നത് ഞാൻ കണക്കാക്കിനോക്കും. എന്നിട്ട് മൂന്നിൽ ഒന്ന് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നു. മൂന്നിലൊന്ന് എനിക്കും എന്റെ കുടുംബത്തിനും വേണ്ടി നീക്കിവെയ്ക്കുന്നു. മൂന്നിലൊന്ന് അതിൽ തന്നെ വിളയിറക്കുകയും ചെയ്യുന്നു."

ഇന്നും ഒരുപാടാളുകൾ ഇങ്ങനെ ചെയ്യാറുണ്ട്. പലവ്യവസായികളും വ്യാപാരികളും അവരുടെ നിത്യവരുമാനത്തിൽ നിന്ന് അല്ലെങ്കിൽ മാസവരുമാനത്തിൽ നിന്ന് ചന്ദ നീക്കിവെയ്ക്കുന്നതായി പറഞ്ഞിട്ടുണ്ട്. അല്ലെങ്കിൽ വരവ് ചെലവ് കണക്ക് പരിശോധിക്കുമ്പോൾ തങ്ങളുടെ ലാഭം നീക്കിവെയ്ക്കുന്നതോടൊപ്പം ചന്ദയും നീക്കിവെയ്ക്കുന്നു. ചിലർ മാസന്തോറുമുള്ള ചെലവിനായി തങ്ങളുടെ വ്യവസായത്തിൽ നിന്ന് പണമെടുക്കാറുണ്ട്. അതിൽനിന്ന് അവർ ചന്ദ കൊടുക്കുന്നു. വർഷാന്തകണക്കെടുക്കുമ്പോൾ, ബാക്കി എന്തെങ്കിലും ഉണ്ടെങ്കിൽ അതിൽ നിന്നും അവർ ചന്ദകൊടുക്കുന്നു. ഇങ്ങനെ ഒരു ഭാഗത്ത് ഇവരുടെമേൽ അധികം ഭാരമുണ്ടാകുകയില്ല; വർഷത്തിന്റെ അവസാനമോ കുറച്ചു മാസങ്ങൾക്കുശേഷമോ ചന്ദ ഒന്നിച്ചുകൊടുക്കുക എന്നത് ഒരു ഭാരമായിരിക്കും. വൻതുക ആ ഘട്ടത്തിൽ എടുക്കുക എന്നത് വലിയ പ്രയാസമായിരിക്കും. മറുഭാഗത്ത് കുടിശ്ശികക്കാരൻ ആകുമോ എന്നുള്ള ശങ്കയും ഉണ്ടാകുകയില്ല. കുടിശ്ശികക്കാരനായാൽ ജമാഅത്തിലും കേന്ദ്രത്തിലും അതൊരു ചീത്തപ്പേരായിരിക്കും. മൂന്നാമതായി കൃത്യമായി ചന്ദകൊടുക്കുന്നവരുടെ വ്യവസായങ്ങളിലും വ്യാപാരങ്ങളിലും അല്ലാഹു അതിരറ്റ അനുഗ്രഹം ചൊരിയുന്നു. നേട്ടമുണ്ടാകുന്ന ആളുകൾ ഈ ബർക്കത്തിനെ അനുസ്മരിക്കാറുമുണ്ട്. ഈ പണം എവിടെന്നു കിട്ടി എന്ന് നോക്കുമ്പോൾ അവർ സ്വയം അത്ഭുതപ്പെടുന്നു. എവിടെന്നാണ് ഈ സമ്പാദ്യം വന്നത്. എന്തായാലും അല്ലാഹു കൊടുക്കുന്ന രീതികളാണിത്. അല്ലാഹുവിനോളം മനുഷ്യൻ എങ്ങനെ എത്തിപ്പെടാനാണ്. അല്ലാഹു പറയുന്നത്, എന്റെ മാർഗ്ഗത്തിൽ നിങ്ങൾ ചെലവഴിച്ചാൽ എഴുന്നൂറ് ഇരട്ടി നിങ്ങൾക്കു ഞാൻ വർധിപ്പിച്ചുതരുന്നതാണ്. എന്നല്ല, **അല്ലാഹു യുളായിഫു ലിമൻയശാഅ്** - അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് വർധിപ്പിച്ചു കൊടുക്കുന്നു. എഴുന്നൂറിരട്ടിയെക്കാൾ വർധിപ്പിച്ചുകൊടുക്കാൻ അല്ലാഹുവിന് കഴിവുണ്ട്. അല്ലാഹു ഒരു നിയന്ത്രണങ്ങൾക്കും വിധേയനല്ല. അല്ലാഹുവിന്റെ ഖജനാവ് പരിമിതവുമല്ല. അതുകൊണ്ട് എപ്പോഴും നിങ്ങളുടെ ചന്ദയുടെ കണക്ക് ക്ലിയറാക്കിവയ്ക്കേണ്ടതാണ്; എന്നിട്ട് നോക്കുക, അല്ലാഹുവിന്റെ അനുഗ്രഹം എങ്ങനെ ഇറങ്ങുന്നു, എങ്ങനെ പെയ്യുന്നുവെന്ന്.

ഏതെങ്കിലും ഔദ്യോഗികസ്ഥാനം ലഭിക്കുന്നതിനോ അല്ലെങ്കിൽ മൊത്തത്തിൽ സാധാരണ നിലയിലോ ആറുമാസത്തിലധികം കുടിശിക ഇല്ലാതിരിക്കേണ്ടത് നിയമങ്ങളിലെ ഒരു നിബന്ധനയാണ്. അതുകൊണ്ട് ആറുമാസത്തിനുശേഷം ചന്ദ കൊടുത്താൽ മതി എന്ന ഒരു തെറ്റുധാരണ ചിലരിലുണ്ട്. അവർ ഒരു കാരണവുമില്ലാതെ ആറുമാസംവരെ അതു നീട്ടിക്കൊണ്ടുപോകുന്നു. ഈ ആറുമാസത്തെ നിബന്ധന കൃഷിക്കാർക്കുമാത്രമാണ്. കാരണം അവരുടെ വരുമാനം കൃഷിവിളവുമായി ബന്ധപ്പെട്ടാണ് നില്ക്കുന്നത്. സാധാരണയായി ആറുമാസത്തിനുശേഷമാണ് കൃഷിക്കാർക്ക് വരുമാനം ലഭിക്കുന്നത്. അതുകൊണ്ട് ഈ ഇളവ് അവർക്കാണ് കൊടുക്കുന്നത്. മാസവരുമാനക്കാരും ഉദ്യോഗസ്ഥരും വ്യവസായികളും വ്യാപാരികളുമെല്ലാം മാസംതോറുംതന്നെ ചന്ദ കൊടുക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ, ഇല്ലെങ്കിൽ പിന്നീട് അത് ഭാരമായിത്തീരും. കൃത്യമായി ചന്ദ കൊടുക്കുന്നതിന്റെ ഏറ്റവും വലിയ നേട്ടം അല്ലാഹുവിന്റെ അനുഗ്രഹം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതാണ്.

പതിനാറിലൊന്ന് ചന്ദആം നല്കുന്ന ആളുകൾ, തോതനുസരിച്ച് പൂർണ്ണമായും നല്കാൻ കഴിയുകയില്ലെന്ന് കരുതുന്നുവെങ്കിൽ അവർക്കുള്ള ഇളവ് പ്രയോജനപ്പെടുത്താവുന്നതാണ്. ചെറിയ തോതനുസരിച്ചും അവർക്ക് ചന്ദ കൊടുക്കാവുന്നതാണ്. എന്നാൽ, തെറ്റായ വിവരങ്ങൾ നല്കാൻ പാടില്ല. കുടിശ്ശിക ഉണ്ടാകാനും പാടില്ല.

ഇവിടെ ജമാഅത്തിലെ ഔദ്യോഗികഭാരവാഹികളോടും ജമാഅത്ത് പ്രസിഡന്റ് അല്ലെങ്കിൽ സെക്രട്ടറിമാൽ എന്നിവരോടും ഞാൻ പറയുകയാണ്. ഓരോ ജമാഅത്തംഗങ്ങളുടേയും ഏതെങ്കിലും കാര്യം ഓരോ ഔദ്യോഗിക ഭാരവാഹികളുടേയും പക്കൽ ഒരു രഹസ്യമായിരിക്കും. അമാനത്തായിരിക്കും. അതുകൊണ്ട് അതു പുറത്തെടുത്ത് അമാനത്തിൽ (സൂക്ഷിപ്പുമുതലിൽ) ഖിയാനത്ത് (വിശ്വാസവഞ്ചന) ചെയ്യരുത്. അകാരണമായി അത് സദസ്സുകളിൽ പറഞ്ഞ് അമാനത്തിൽ ഖിയാനത്ത് ചെയ്യരുത്. ആർക്കെങ്കിലും ചന്ദ ഇളവായോ മാപ്പായോ കൊടുക്കുകയാണെങ്കിൽ അത് അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ മാത്രം നില്ക്കേണ്ടതാണ്. അല്ലാതെ നീ ഇളവു വാങ്ങിയവനാണെന്ന് പറഞ്ഞ് അയാളെ പരിഹസിച്ചുനടക്കരുത്. ഓരോരുത്തർക്കും അവരുടേതായ ബുദ്ധിമുട്ടുകൾ ഉണ്ടാകും. ഞാനധികവും കണ്ടിട്ടുള്ളത് ഇളവ് വാങ്ങുന്നവരിൽ മിക്കവരും, ആ ഇളവ് എത്രയും വേഗം നികത്തി പൂർണ്ണമായും ചന്ദകൊടുക്കണമെന്ന് കരുതുന്നവരാണ്. അവർ അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നു. അത്തരമാളുകൾ ഒരുപാടുണ്ട്. അങ്ങനെയല്ലാത്തവരുണ്ടെങ്കിൽ അവർ ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. തൗഫീഖ് കിട്ടുമ്പോൾ, കുറച്ച് ഐശ്വര്യമുണ്ടാകുമ്പോൾ എത്രയും വേഗം പൂർണ്ണമായതോതനുസരിച്ച് ചന്ദ കൊടുക്കാൻ വേണ്ടി ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടത്

ഓരോരുത്തരുടെയും കടമയാണ്. അല്ലാഹു എല്ലാവരുടെ അനുഗ്രഹത്തിൽ വർധനവ് നല്കുമാറാകട്ടെ.

ചിലപ്പോൾ ചില അവസ്ഥകൾ ഉണ്ടാകാറുണ്ട്. ഉദാഹരണത്തിന് ജോലി നഷ്ടപ്പെട്ടു. അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണമുണ്ടായി. കൃഷിക്കാരുടെ ഉദാഹരണം ഞാൻ നടേ പറഞ്ഞുവന്നതാണ്. വ്യവസായങ്ങൾ ചിലപ്പോൾ തകർന്നു പോകാറുണ്ട്. ചിലപ്പോൾ അത് വില്ക്കേണ്ട അവസ്ഥയും ഉണ്ടാകാറുണ്ട്. ഇതെല്ലാം മനുഷ്യന്റെ തെറ്റുകൾ കൊണ്ടു തന്നെയാണ് ഉണ്ടാകാറുള്ളത്. അത് അവൻ സഹിക്കേണ്ടിവരുന്നു. ഇതൊരു വേറെ വിഷയമാണ്.

അത്തരം സന്ദർഭങ്ങളിൽ നിരാശനായി കുത്തിയിരിക്കാൻ പാടില്ല. എന്തെങ്കിലും കുറച്ച് ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ചെറിയ തൊഴിലാണെങ്കിലും വേണ്ടില്ല, ചെയ്യേണ്ടതാണ്. ഏതെങ്കിലും തൊഴില് തീർച്ചയായും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. നിരാശരായിത്തീരുകയും ബുദ്ധിമുട്ടുകളുടെ ഇരയായിത്തീരുകയും ചെയ്യുന്ന ഒരുപാടാളുകളുണ്ട്. അവരും അല്ലാഹുവിൽ സർവവും ഭരമേല്പിക്കേണ്ടതാണ് (തവക്കുൽ ചെയ്യേണ്ടതാണ്) അവനോട് സഹായം ചോദിച്ചുകൊണ്ട് എത്ര ചെറിയ തൊഴിലാണെങ്കിലും അതു ചെയ്യാൻ തുടങ്ങേണ്ടതാണ്. ഒരു ജോലിയും അപമാനമായികരുതരുത്. 'ഞാൻ അല്ലാഹുവിനോട് വാഗ്ദാനം ചെയ്തതാണ്, എനിക്കു ചന്ദ കൊടുക്കണം അത് പൂർണ്ണമായും കൊടുക്കേണ്ടതാണ്' എന്ന നിയ്യത്തോടുകൂടി തൊഴിൽ ചെയ്യാൻ തുടങ്ങിയാൽ അല്ലാഹു ആ ചെറിയ തൊഴിലിലും അതിരറ്റ അനുഗ്രഹം ചൊരിയുന്നതാണ്. ഞാൻ പലരേയും കണ്ടിട്ടുണ്ട്. അവർ തികച്ചും നിസ്സാരമായ തൊഴിലിൽ ഏർപ്പെട്ടു. അത് വളർന്ന് വളർന്ന് അവർ കടകളുടെ ഉടമസ്ഥരായിത്തീർന്നു. ഇതെല്ലാം അല്ലാഹുവിന്റെ ഫള്ലാണ്. ഉദ്ദേശ്യം ശുദ്ധമാണെങ്കിൽ അതുണ്ടായിക്കൊണ്ടേയിരിക്കും. അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക എന്ന ഉദ്ദേശ്യത്തോടെയാണെങ്കിൽ അവൻ ഒരുപാട് ബർക്കത്ത് ഇടുന്നതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂമസ്ഊദ് അൻസ്വാരി (റ) നിവേദനം ചെയ്യുന്നു. നബി (സ) സദഖ കൊടുക്കുന്നതിനുവേണ്ടി പറയുമ്പോൾ ഞങ്ങളിൽ ചിലർ ബസാറിൽപ്പോയി വേല ചെയ്യുമായിരുന്നു. അതിന്റെ വേതനമായി ഒരു മുദ്ദ് അതായത് കുറച്ച് ധാന്യം കിട്ടുമായിരുന്നു. പറയുന്നു: അതു ഞാൻ സദഖ കൊടുക്കുമായിരുന്നു. അദ്ദേഹം പറയുന്നു: ഇന്ന് അവരിൽ ചിലരുടെ പക്കൽ, ഏകദേശം എല്ലാവരുടെയും കൈയിൽ ഓരോരോലക്ഷം ദിനാർ വീതമുണ്ട്.

ഇത് പണ്ടുനടന്ന കഥകളൊന്നുമല്ല. പണ്ടു സ്വഹാബിമാർക്ക് അല്ലാഹു നല്കി, എന്നാൽ ഇപ്പോൾ നല്കുന്നില്ല എന്നുപറയാൻപറ്റില്ല. മറിച്ച് ഇപ്പോഴും അത്തരം ഉദാഹരണങ്ങൾ നമുക്കു ലഭിക്കുന്നു. ഇന്നും അത്തരക്കാരുണ്ട്. അവരുടെ സദുദ്ദേശ്യവും കഠിനമായ അധ്വാനവും കൊണ്ട് ലക്ഷങ്ങൾ കൊണ്ട് അവർ ഇന്ന് കളിക്കുന്നു.

വേറൊരു ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂദർഗഫ്ഫാരീ (റ) പറയുന്നു: നബി (സ) പറഞ്ഞു: ദുനിയാവിനോടുള്ള അനിഷ്ടവും സ്വാത്മാപരിത്യാഗവും (സുഹദ്) എന്നുപറയുന്നത്, മനുഷ്യൻ ഹലാലായതിനെ (അനുവദനീയമായതിനെ) ഹറാമാക്കുകയും (നിഷിദ്ധമാക്കുകയും) ധനത്തെ നശിപ്പിക്കുകയും ചെയ്യുക എന്നതല്ല. അതായത് കൈയിൽ ധനം സൂക്ഷിച്ചു വയ്ക്കാതിരിക്കുക. സുഹദ് എന്നുപറയുന്നത് നിങ്ങൾക്ക് നിങ്ങളുടെ ധനത്തെക്കാളധികം അല്ലാഹുവിന്റെ സമ്മാനത്തിലും പൊറുക്കലിലും വിശ്വാസമുണ്ടാകുക എന്നതാണ്.

ധനം ഉണ്ടെങ്കിൽ തന്നെ, അതുകൊണ്ട് എന്തും ചെയ്തുകളയാം എന്നവിചാരം ഉണ്ടാകുകയോ, ഒരു നഷ്ടവും സംഭവിക്കുകയില്ലെന്ന് കരുതുകയോ, നമ്മളിപ്പോൾ എന്തൊക്കെയോ ആയിരിക്കുന്നുവെന്ന് വിചാരിക്കുകയോ ചെയ്യരുത്. നിയ്യത്ത് എപ്പോഴും ശുദ്ധമായിരിക്കുകയും അല്ലാഹുവിന്റെ മുമ്പിൽ എപ്പോഴും കുമ്പിട്ടുകൊണ്ടിരിക്കുകയും വേണം. അവനിൽ തവക്കുൽ ചെയ്യുകയും വേണം.

പറയുന്നു: നിങ്ങളിൽ എന്തെങ്കിലും മുസീബത്തുണ്ടായാൽ, അതിനുകിട്ടുന്ന പ്രതിഫലത്തിലായിരിക്കണം നിങ്ങളുടെ ദൃഷ്ടിപതിയേണ്ടത്. നിങ്ങൾ മുസീബത്തുകളെ പ്രതിഫലത്തിനുള്ള മാർഗ്ഗമായി മനസ്സിലാക്കുക.

എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടാകുമ്പോൾ കൂകിപാഞ്ഞുനടക്കുന്നതിനും നിരാശരാകുന്നതിനും അല്ലാഹുവിനെ നിഷേധിക്കുന്നതിനുപകരം (ചിലർ ഈ ദു:ഖം കൊണ്ട് നമസ്കാരം പോലും ഉപേക്ഷിച്ചുകളയാറുണ്ട്) കൂടുതൽ അല്ലാഹുവിലേക്ക് കുനിയുക. ഈ പരീക്ഷണത്തിൽ നിന്ന് സന്തോഷത്തോടെ പുറത്തുകടക്കാൻ ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ മുന്നിൽ കുനിഞ്ഞുകൊണ്ട് അവനിൽ നിന്ന് സഹായം തേടിക്കൊണ്ടിരുന്നാൽ, അതിരില്ലാത്ത എത്രയെത്ര അനുഗ്രഹങ്ങൾക്ക് മനുഷ്യൻ അവകാശികളായിത്തീരുമെന്ന് കാണാവുന്നതാണ്. അത് ഈ ലോകത്തും വെളിപ്പെടുന്നു. മരിച്ചതിനുശേഷം എന്നല്ല, വരും തലമുറകളിലും ആ അനുഗ്രഹം വെളിപ്പെട്ടുകൊണ്ടിരിക്കും. അതുകൊണ്ട് ഒരിക്കലും നിരാശരാവരുത്. ഒരിക്കലും അല്ലാഹുവിനോട് പരാതിപ്പെടരുത്. അവന്റെ തിരുസന്നിധിയിൽ ആദ്യത്തെക്കാളധികം കുനിഞ്ഞുകൊണ്ട് സഹായം തേടേണ്ടതാണ്. അവനെ ആദ്യത്തെക്കാളധികം ആരാധിക്കേണ്ടതാണ്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) ഒരിക്കൽ ഹസ്റത്ത് അബൂബക്കർ (റ)ന്റെ മകൾ അസ്മാ (റ)യെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു. അല്ലാ ഹുവിന്റെ വഴിയിൽ എണ്ണിയെണ്ണി ചെലവഴിക്കരുത്. എണ്ണിയെണ്ണിചെലവഴിച്ചാൽ അല്ലാഹു നിനക്കുതരുന്നത്

എണ്ണിയെണ്ണിയായിരിക്കും. നിന്റെ ധനം നീ ഭദ്രമായി സൂക്ഷിച്ചുവെക്കയുമരുത്. അപ്പോൾ നിനക്കുള്ളതും അല്ലാഹു സൂക്ഷിച്ചുവെക്കുന്നതാണ്".

അതായത് കഴിവിനനുസരിച്ച് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കേണ്ടതാണ്. അൽഹംദുലില്ലാഹ് ഇങ്ങനെ ഹൃദയം തുറന്നു ചെലവഴിക്കുന്ന കാഴ്ച കൾ ഇന്ന് ജമാഅത്തിൽ ധാരാളം കാണുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഇജ്തിമാ അവസരത്തിൽ ഞാൻ 'നൂറുപള്ളി നിർമ്മാണം' എന്ന പദ്ധതിയിൽ കാണുന്ന ജമാഅത്തിന്റെ ഉത്സാഹക്കുറവ് പറഞ്ഞു കൊണ്ട് ഖുദ്ദാമുൽ അഹ്മദിയ്യായെ മാത്രം ഒന്നുണർത്തു കയുണ്ടായി. ജമാഅത്തിനോട് പൊതുവെയായിരുന്നു ഞാനത് പറയേണ്ടിയിരുന്നത്. തൊട്ടടുത്ത ദിവസം തന്നെ ഖുദ്ദാമുൽ അഹ്മദിയ്യാ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷത്തെ തങ്ങളുടെ വാഗ്ദാനവും വസൂലിയും കണക്കിലെടുത്ത് ഒരു മില്ല്യൻ യൂറോ അതായത് പത്തുലക്ഷം യൂറോ  വാഗ്ദാനം ചെയ്തു. ആദ്യം അതിലേക്കുള്ള വാഗ്ദാനം രണ്ടര ലക്ഷം മാത്രമായിരുന്നു. ആദ്യത്തെ വാഗ്ദാനത്തിന്റെ സമാനമായ തുക ഒരാഴ് ച്ചയ്ക്കുള്ളിൽ തന്നെ പിരിഞ്ഞുകിട്ടുകയുണ്ടായി എന്നും അവർ. പറഞ്ഞിരിക്കുന്നു.

ഹൃദയം തുറന്ന് ചന്ദകൊടുക്കുന്നതിന്റെയും, പെട്ടികൾ തുറന്നുവെക്കുന്നതിന്റെയും ഈ കാഴ്ച കൾ നമ്മുടെ ജമാഅത്തിൽ നരവധി കാണാൻ കഴിയും. എന്നുമാത്രമല്ല, മുഖലിസായ ഒരഹ്മദി ഒരു പള്ളിയുടെ മുഴുവൻ ചെലവും വഹിക്കുന്നതാണെന്നും വാഗ്ദാനം ചെയ്യുകയുണ്ടയി. അതായത് പള്ളിക്കുവേണ്ടുന്ന സ്ഥലം ഉൾപ്പെടെ. ജമാഅത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ത്യാഗമനോഭാവത്തിന്റെ നിലവാരം വളരെ ഉന്നതമാണ്. സ്വയം ഭാരം വഹിച്ചുകൊണ്ട് ചന്ദനൽകുന്ന ഒരുപാടാളുകളും ജമാഅത്തിലുണ്ട്. അല്ലാഹു എല്ലാവർക്കും പ്രതിഫലം നൽകുമാറാകട്ടെ. ഇന്ന് ഞാൻ ലാസ്മി ചന്ദയെകുറിച്ചാണ് പറയുന്നത്. അതുകൊണ്ട് ഞാൻ പറയട്ടെ, ഈ നൽകുന്നചന്ദ നിങ്ങളുടെ ലാസ്മി ചന്ദയെ ഒരുവിധത്തിലും ബാധിക്കരുത്. അത് അതിന്റേതായനിലയിൽ കൊടുക്കുക. ഇപ്പോൾ നൽകിയ അധികവാഗ്ദാനം അതിന്റേതായ നിലയിൽ കൊടുക്കേണ്ടതാണ്. അല്ലാഹു അതിരില്ലാതെ നിങ്ങളെ അനുഗ്രഹിക്കുന്നതാണ്. ഇൻശാ അല്ലാഹ്. ഒരു തരത്തിലുള്ള ഭയവും ഇക്കാര്യത്തിൽ വേണ്ട.

നബി (സ) അല്ലാഹുവിന്റെ വഴിയിൽ, അവന്റെ ദീനിന്റെ വഴിയിൽ ചെലഴിക്കുന്നവർക്ക് എത്രമാത്രം സുവാർത്തകളാണ് നൽകിയിട്ടുള്ളത്. അല്ലാഹവിനെ ഭയപ്പെടുന്നവർക്ക് പിന്നെയെന്തിനാണ് ആശങ്ക. നബി (സ) ചന്ദകൊടുക്കുന്നവരെ ആശങ്കയിൽ നിന്ന് സ്വതന്ത്രരാക്കിയിരിക്കുന്നു. അവിടന്ന് പറയുന്നു: ഖിയാമത്തുന്നാൾ കണക്കെടുപ്പുകൾ അവസാനിക്കുന്നതുവരെ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിച്ച തന്റെ ധനത്തിന്റെ തണലിൽ വസിക്കുന്നതാണ്.

അതായത്, എന്തൊന്ന് നിങ്ങൾ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നുവോ ഖിയാമത്തുനാൾവരെ അതിന്റെ തണലിലായിരിക്കും നിങ്ങൾ വസിക്കുക. മറ്റൊരു സ്ഥലത്ത് അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ചെലവഴിക്കൽ, കാണിക്കുന്നതിനു വേണ്ടിയായിരിക്കരുതെന്നും പറഞ്ഞിട്ടുണ്ട്. തികച്ചും അല്ലാഹുവിനുവേണ്ടി മാത്രമായിരിക്കണം. അവന്റെ സ്നേഹം കരസ്ഥമാക്കുന്നതിനുവേണ്ടി മാത്രമായിരിക്കണം. അല്ലാഹു അവന്റെ സ്നേഹം കരസ്ഥമാക്കുന്ന വിധത്തിൽ പ്രവർത്തിക്കാൻ നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

വളരെ പ്രധാനപ്പെട്ട ഒരു ചന്ദയായ സക്കാത്തിലേക്കാണ് ഞാൻ നിങ്ങളുടെ ശ്രദ്ധയെ ഇനി ക്ഷണിക്കുന്നത്. സക്കാത്തിനും ഒരു നിശ്ചിത തോതുണ്ട്. പൊതുവേ ഇതിലേക്ക് ശ്രദ്ധകുറവാണ്. ഒരു ടാക്സും നൽകാത്ത കൃഷിക്കാർക്കും സക്കാത്ത് നിർബന്ധമാണ്. കന്നുകാലികളെ വളർത്തുന്നവർക്കും സക്കാത്ത് നിർബന്ധമായത്ര എണ്ണം അവർക്കുണ്ടെങ്കിൽ സക്കാത്തുണ്ട്. ബാങ്കിലോ മറ്റെവിടെയെങ്കിലുമോ നിശ്ചിതമായ തുക വർഷം മുഴുവനും കിടപ്പുണ്ടെങ്കിൽ അതിനും സക്കാത്തുകൊടുക്കേണ്ടതാണ്. സ്ത്രീകളുടെ ആഭരണങ്ങൾക്കും സക്കാത്തുണ്ട്. ഓരോസ്ത്രീയുടെ പക്കലും എന്തെങ്കിലും ആഭരണം തീർച്ചയായുമുണ്ടാകും. ചില സ്ത്രീകൾ എന്നല്ല കുടുംബനായികയായിട്ടുള്ളവരിൽ മിക്കവരും വരുമാനമില്ലാത്തതുകൊണ്ട് ലാസ്മി ചന്ദ കൊടുക്കാറില്ല. മറ്റുപദ്ധതികളിൽ അവർപങ്കെടുക്കാറുമുണ്ട്. അത്തരക്കാരിൽ സക്കാത്ത് കൊടുക്കത്തക്കയത്ര അളവിൽ സ്വർണ്ണാഭരണമുണ്ടെങ്കിൽ സക്കാത്ത് കൊടുക്കേണ്ടത് നിർബന്ധമാണ്. അതിന്റെ വിലയുടെ അടിസ്ഥാനത്തിൽ രണ്ടര ശതമാനം കണക്കാക്കി അതിന് സക്കാത്ത് കൊടുക്കേണ്ടതാണ്. അതുകൊണ്ട് ഈ ഭാഗത്തേക്കും സ്ത്രീകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സക്കാത്ത് കൊടുത്ത് വീട്ടേണ്ടതാണ്.

ചലർക്ക് അണിയാൻ വേണ്ടി ചിലർ ആഭരണങ്ങൾ കൊടുക്കാറുണ്ട്. അതിന് സക്കാത്തില്ല. എന്നാൽ ഇക്കാലത്ത് അങ്ങനെ കൊടുക്കാൻ ധൈര്യമുള്ളവർ വളരെ കുറവാണ്. കൊടുത്തുകഴിഞ്ഞാൽ എന്താകും സ്ഥിതി എന്നൊന്നും പറയാൻ പറ്റാത്തകാലമാണിത്. അതുകൊണ്ട് സ്ഥിരമായി ഉപയോഗിക്കുന്നതോ, താൽക്കാലികമായി ഏതെങ്കിലും സാധുവിന് അണിയാൻ കൊടുക്കുന്നതോ ആയ ഏതു ആഭരണമായാലും മുൻകരുതലി ന്റെ അടിസ്ഥാനത്തിൽ അതിന് സക്കാത്ത് കൊടുക്കുന്നതാണ് നല്ലത്. ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്റെ സഹധർമ്മിണിയായ അമ്മാജാനെക്കുറിച്ച് പറഞ്ഞു: അവർ സാധുക്കൾക്ക് അണിയാൻവേണ്ടി ഇരവായിട്ട് ആഭരണം കൊടുത്തിരുന്നിട്ടും അതിനും സക്കാത്ത് നൽകറുണ്ടായിരുന്നു. അഹ്മദി

സ്ത്രീകൾ സക്കാത്ത് കൊടുക്കുന്നതിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ട താണ്. സ്ത്രീകൾ മിക്കവരും വരുമാനമൊന്നുമില്ലാത്തവരാണ്. അപ്പോൾ പുരുഷന്മാർ സക്കാത്ത് കൊടുക്കുന്നതിന് അവരെ സഹായിക്കേണ്ടിവരുമെന്നത് പ്രകടമാണ്. ഇസ്‌ലാമിന്റെ ആരംഭകാലത്ത് എന്തെങ്കിലും ആവശ്യത്തിന്, പണം വേണ്ടിവന്നാൽ അത് ജനങ്ങളോട് പറയാറുണ്ടായിരുന്നു. താൽക്കാലികമായി നബി (സ) ന്റെ കാലത്തും, പിന്നീട് ഖലീഫമാരുടെ കലത്തും ജനങ്ങളിൽനിന്ന് പണം ആവശ്യപ്പെട്ടിരുന്നു. സക്കാത്ത് കൊടുക്കുമായിരുന്നിട്ടും, അവർ അത്തരം സാമ്പത്തിക പരിപാടികളിൽ പങ്കെടുക്കുമായിരുന്നു. ജമാഅത്തിൽ ഒരു ചന്ദവ്യവസ്ഥിതി നിലവിലുണ്ട്. ജനങ്ങൾ ചന്ദ കൊടുക്കുന്നുമുണ്ട്. അത് സക്കാത്തിന്റെ തോതിനേക്കാൾ വളരെയധികവുമാണ്. പക്ഷെ സക്കാത്തും ഒരു നിർബന്ധകർമ്മമാണ്. അതിന്റെ തോതനുസരിച്ച് അതും കൊടുക്കേണ്ടതാണ്. സ്ത്രീകൾ ഞാൻ പറഞ്ഞതനുസരിച്ച് ഇതിലേക്ക് ശ്രദ്ധിച്ചാൽ ഇൻശാ അല്ലാഹ് ജമാഅത്തിന്റെ സക്കാത്ത്പരമായ വരുമാനത്തിൽ ഒരുപാടു വർദ്ധനവുണ്ടാകുന്നതാണ്.

ഹസ്റത്ത് അംരിബ്നു ശുഅയ്ബ് തന്റെ പിതാമഹനിൽ നിന്ന് നിവേദനം ചെയ്യുന്നു. ഒരു സ്ത്രീ തന്റെ മകളെയും കൂട്ടി നബി (സ) ന്റെ അടുക്കൽ വന്നു. മകൾ കനമുള്ള സ്വർണ്ണവള അണിഞ്ഞിരുന്നു. നബി (സ) അതിന് സക്കാത്ത് കൊടുക്കുന്നുണ്ടോ എന്ന് ചേദിച്ചു. അല്ലാഹുവിന്റെ റസൂലെ ഇല്ല എന്ന് ആ സ്ത്രീ പറഞ്ഞു. നബി (സ) ചോദിച്ചു: ഖിയാമത്തുനാൾ അല്ലാഹു നിന്നെ തീയുടെ വള ഇടുവിക്കുന്നത് നീ ഇഷ്ടപ്പെടു ന്നുണ്ടോ?. അത് കേട്ട് ആ സ്ത്രീ തന്റെ മകളുടെ കൈയ്യിൽ നിന്ന് വളയൂരി നബി (സ) ന് കൊടുത്തുകൊണ്ടു പറഞ്ഞു: ഇത് അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടിയുള്ളതാണ്. അങ്ങ് ഇഷ്ടപ്പെടുന്നരീതിയിൽ ഇതു ചെലവഴിച്ചാലും.

നീ ഇതുതന്നില്ലായിരുന്നങ്കിൽ തീയുടെ വളയിടുമായിരുന്നു എന്നും മറ്റൊരു നിവേദനത്തിൽ നബി (സ) പറഞ്ഞതായി വന്നിട്ടുണ്ട്.

ഈ നിവേദനം കേട്ടതിനുശേഷം, സക്കാത്ത് നിർബന്ധമായവർ പ്രത്യേകമായ നിലയിൽ ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ, സ്ത്രീകളിലാണ് ഇത് കൂടുതൽ നിർബന്ധമായിട്ടുള്ളത്. അവരുടെ ഭർത്താക്കൻമാർ അവരെ ഇതിലേക്ക് സഹായിക്കേണ്ടതാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: " ഇസ്‌ലാമിന്റെ ചൈതന്യമുൾക്കൊള്ളുന്ന ജനങ്ങളേ, നോക്കൂ, ഞാൻ സന്ദേശം നിങ്ങൾക്ക് എത്തിച്ചുതരുന്നു. അല്ലാഹുവിൽ നിന്നുള്ള ഈ പരിഷ്കരണ പ്രസ്ഥാനത്തെ നിങ്ങൾ പൂർണ്ണഹൃദയത്തോടും പൂർണ്ണആദരത്തോടും പൂർണ്ണമായ ആത്മാർത്ഥതയോടും കൂടി സഹായിക്കേണ്ടത് ആവശ്യമാണ്. അതിന്റെ എല്ലാവശങ്ങളെയും ബഹുമാനദൃഷ്ടികളോടെ നോക്കിക്കൊണ്ടു വളരെ വേഗം അർഹമായ സേവനം അനുഷ്ഠിക്കേണ്ടതാകുന്നു. അതിന്റെ നിലയ്ക്കൊത്ത് മാസം തോറും നൽകാനാഗ്രഹിക്കുന്നവർ, അത് നിർബന്ധകർമ്മവും ബാധ്യതയുമായികരുതീട്ടു മാസം തോറും നിഷ്കർഷയോടെ അടക്കുകയും ഈ കടമയെ അല്ലാഹുവിൽ നിന്നുള്ള കാണിക്ക എന്നു നിശ്ചയിച്ചുകൊണ്ട് അതുപൂർത്തിയാക്കുന്നതിൽ അമാന്തമോ ആലസ്യമോ കാണിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. ആരെങ്കിലും ഒറ്റത്തവണയായി സഹായം നൽകാനാഗ്രഹിക്കുന്നുവെങ്കിൽ അവർ അപ്രകാരവും ചെയ്യട്ടെ. എന്നാൽ, ഇതു നിലച്ചുപോകാതെ തുടർന്നുപോകണമെന്നപ്രത്യാശയിൽ ഊന്നിക്കൊണ്ടുള്ളതാവണം അടിസ്ഥാനപരമായലക്ഷ്യം. ദീനിന്റെ യഥാർത്ഥ ക്ഷേമകാംക്ഷികൾ തങ്ങളുടെ മുതലും കഴിവും അനുസരിച്ച് അപ്രകാരമുള്ള എളിയ തുകമാസംതോറും അടക്കുന്നതിന് സ്വയം ദൃഢനിശ്ചയമെടുക്കുകയും യാദൃച്ഛികമായുണ്ടാകുന്ന തടസ്സങ്ങളൊന്നുമില്ലെങ്കിൽ, അനായാസം അടച്ചുതീർക്കുകയും ചെയ്കയെന്നതാണ് ആ വ്യവസ്ഥ. ആർക്ക് അല്ലാഹു കഴിവും ഹൃദയവിശാലതയും പ്രദാനം ചെയ്തിട്ടുണ്ടോ, അവർക്ക് ഈ മാസാന്തവരിപ്പണത്തിന് പുറമെ കരുത്തും കഴിവും പോലെ ഒറ്റത്തവണയായും സഹായം ചെയ്യാവുന്നതാണ്.

അല്ലയോ എന്റെ ഉറ്റവരേ, എന്റെ പ്രിയപ്പെട്ടവരേ, എന്റെ ജീവിത വൃക്ഷത്തിന്റെ പച്ചളിപ്പുള്ള ശാഖകളേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ ബൈഅത്ത് പരമ്പരയിൽ പ്രവേശിച്ചിട്ടുള്ളവരേ, തങ്ങളുടെ ജീവിതവും സുഖസന്തോഷങ്ങളും തങ്ങളുടെ മുതലും ഈ മാർഗ്ഗത്തിൽ ബലിയാക്കിയിട്ടുള്ളവരേ, ഞാനെന്തുപറഞ്ഞാലും അത് സ്വീകരിക്കുന്നത് നിങ്ങൾ ഭാഗ്യമായി കരുതുമെന്നും നിങ്ങൾക്കുകഴിവുള്ളിടത്തോളം നിങ്ങൾ ഒഴിഞ്ഞുമാറുകയില്ലെന്നും എനിക്കറിയാമെങ്കിലും ഈ സേവനത്തിനുവേണ്ടി ഖണ്ഡിതമായ നിലയിൽ എന്റെ നാവുകൊണ്ട് നിങ്ങളുടെമേൽ എന്തെങ്കിലും കടമ അടിച്ചേൽപ്പിക്കാൻ എനിക്കു സാധ്യമല്ല. നിങ്ങളുടെ സേവനങ്ങൾ എന്റെ വാക്കുകളുടെ നിർബന്ധത്താലല്ലാതെ നിങ്ങളുടെ സ്വന്തം ഇഷ്ടമനുസരിച്ചുള്ളതായിരിക്കാൻ വേണ്ടിതന്നെ".

ഈ മാസംതോറുമുള്ള ചന്ദയുടെ തോത് രണ്ടാം ഖിലാഫത്തുകാലത്താണ് നിശ്ചയിക്കപ്പെട്ട ത്. ഒരു സ്ഥിരമായ വ്യവസ്ഥിതി നിലവിൽവന്നു. ചന്ദ ആമിന്റെ തോതായ പതിനാറിലൊന്ന് എന്നത് അന്നുമുതൽ നിലനിന്നുവരുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ ചിലരേഖകളുടെ അടിസ്ഥാനത്തിലാണ് ഹസ്റത്ത് മുസ്‌ലീഹ് മൗഊദ് (റ) ഇത് നിജപ്പെടുത്തിയത്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതു

പോലെ, മാസന്തോറും കൊടുക്കുന്ന വരിപ്പണത്തിനുപുറമെ സ്വന്തം കഴിവനുസരിച്ച് ഒറ്റതവണയായും നിങ്ങൾക്ക് പണം കൊടുക്കാവുന്നതാണ്. ഇതിന്നായി വിവിധ പദ്ധതികൾ ജമാഅത്തിൽ ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജനങ്ങൾ ഇതിൽ പങ്കെടുക്കുകയും ചെയ്യുന്നു. എന്നാൽ ഞാൻ പറഞ്ഞതുപോലെ, കൃത്രിമമൊന്നുമില്ലാതെ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കണം എന്ന നിയ്യത്തോടുകൂടി, ഉദ്ദേശ്യത്തോടുകൂടിയായിരിക്കണം നിങ്ങൾ ഓരോന്നും കൊടുക്കേണ്ടത്; ചന്ദയാണെങ്കിലും വാഗ്ദാനമാണെങ്കിലും. എപ്പോൾ അവസരം കിട്ടിയാലും അല്ലാഹുവിന് ശുക്ർ ചെയ്യേ ണ്ടതാണ്. കാരണം, ഓരോപദ്ധതിയിലും പങ്കെടുക്കാൻ അല്ലാഹുവാണ് തൗഫീഖ് തരുന്നത്. മാസന്തോറുമുള്ള ചന്തകൊടുക്കുന്നതിനും അല്ലാ ഹുവാണ് തൗഫീഖ് തരുന്നത്. ബഡ്ജറ്റ് പൂർത്തിയാക്കാൻ തൗഫീഖ് തരുന്നതും അവൻതന്നെ.

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ധനത്തേയും സ്നേഹിക്കുക അല്ലാഹുവിനെയും സ്നേഹിക്കുക എന്നത് നിങ്ങളെകൊണ്ടാവില്ല. ഒന്നിനെമാത്രമേ നിങ്ങൾക്ക് സ്നേഹിക്കാൻ പറ്റുകയുള്ളു. അതുകൊണ്ട് അല്ലാഹുവിനെ സ്നേഹിക്കുന്നവൻ ഭാഗ്യവാൻ. നിങ്ങളിൽ നിന്ന് ആരെങ്കിലും അല്ലാഹുവിനെ സ്നേഹിച്ചുകൊണ്ട് അവന്റെ മാർഗ്ഗത്തിൽ ധനം ചെലവഴിക്കുകയാണെങ്കിൽ, അവന്റെ ധനത്തിലും മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ ബർക്കത്തുനൽകപ്പെടുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. കാരണം ധനം സ്വയം വരികയില്ല. അല്ലാഹുവിന്റെ തീരുമാനത്താലാണ് അതുവരുന്നത്. ആരാണോ അല്ലാഹുവിനുവേണ്ടി ധനത്തിന്റെ ചിലഭാഗങ്ങൾ ഉപേക്ഷിക്കുന്നത് അവൻ തീർച്ചയായും അല്ലാഹുവിൽ നിന്ന് അത് പ്രാപിക്കും.

അതായത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കണമെന്നഉദ്ദേശ്യത്തോടെ ധനം ഉപേക്ഷിക്കുന്നത് - അവൻ അതിനെ തന്റേതായി കണക്കാക്കുന്നില്ല - (പതിനാറിലൊന്ന് എന്നത് ഓരോരുത്തരും ഇതിൽ പതിനഞ്ച് എന്റേതാണ് ഒന്ന് അല്ലാഹുവിന്റേതാണെന്ന് മനസ്സിലാക്കിയിരിക്കണം.) തീർച്ചയായും അല്ലാഹുവിൽ നിന്ന് അത് പ്രാപിക്കുന്നതാണ്.

എന്നാൽ ആരാണോ ധനത്തെ സ്നേഹിച്ചുകൊണ്ട് അല്ലാഹുവിന്റെ പാതയിൽ സേവനമനുഷ്ഠിക്കാത്തത്, - അവനത് അനുഷ്ഠിക്കേണ്ടതായിരുന്നു.- തീർച്ചയായും അവൻ തന്റെ ധനത്തെ നഷ്ടപ്പെടുത്തുന്നതാണ്.

(ഒരഹ്മദിയായതിനുശേഷവും അത്തരം ചിന്താഗതിയാണെങ്കിൽ അവിടന്ന് പറയുന്നു. അയാളുടെ ധനം നഷ്ടപ്പെട്ടുപോകും.)

ധനം നിങ്ങളുടെ അദ്ധ്വാനം കൊണ്ടാണ് ലഭിക്കുന്നതെന്ന് വിചാരിക്കരുത്. അത് അല്ലാഹുവിൽ നിന്നാണ് ലഭിക്കുന്നത്. നിന്റെ ധനത്തിന്റെ ഒരു ഭാഗം നൽകി എന്തെങ്കിലും സേവനം ചെയ്തുകൊണ്ട് അല്ലാഹുവിനോടും അവന്റെ റസൂലിനോടും ഔദാര്യം ചെയ്തിരിക്കുന്നുവെന്ന് നീ കരുതരുത്. ഈ സേവനം ചെയ്യാൻ നിങ്ങളെ വിളിക്കുന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. ഞാൻ സത്യമായും സത്യമായും പറയുന്നു: നിങ്ങളെല്ലാവരും എന്നെ ഉപേക്ഷിച്ചാലും എതിർ പ്രവർത്തനം നടത്തിയാലും, അവൻ ഒരു ജനതയെ സൃഷ്ടിക്കും; അവർ അവന് സേവനം ചെയ്യുന്നതാണ്. നിങ്ങൾ മനസ്സിലാക്കികൊള്ളുക. ഈ പ്രവൃത്തി ആകാശ ത്തിൽ നിന്നാണ് നടക്കുന്നത്. നിങ്ങളുടെ സേവനം നിങ്ങളുടെ നന്മയ്ക്കുവേണ്ടി മാത്രമാണ്. നിങ്ങൾ അഹങ്കരിക്കുന്നവരും ധനപരമോ മറ്റെന്തെങ്കിലും രീതിയിലുള്ളസേവനമോ ചെയ്യുന്നുവെന്ന് കരുതുന്നവരും ആകരുത്. അല്ലാഹു നിങ്ങളുടെ സേവനത്തിനാശ്രിതനല്ലെന്ന് ഞാൻ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. നിങ്ങൾക്ക് സേവനം ചെയ്യാൻ അവസരം തരുന്നുവെന്നത് നിങ്ങളുടെ മേൽ അവൻ ചെയ്യുന്ന അനുഗ്രഹമാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) നമ്മളിൽ നിന്ന് പ്രതീക്ഷിക്കുന്നതിനനുസരിച്ച് സേവനം ചെയ്യാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. എപ്പോഴും ഹസ്റത്ത് മസീഹ് മൗഊദി (അ) ന്റെ ദുആകളുടെ അനന്തരാവകാശികളാക്കിനമ്മെ വെക്കു മാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹം സ്വരൂപിച്ചെടുക്കുന്നതിന് അവന്റെ മാഗ്ഗത്തിൽ ത്യാഗം സമർപ്പിക്കുന്നവർ ആയിരിക്കുമാറാകട്ടെ. അല്ലാഹു നമുക്കേവർക്കും ഇതിനു തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

JUMA KHUTHUBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 28 - 05 - 2004 at
Germany.

Translated by : Moulavi Muhammad Ismail H.A Fort Kochi.
Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**